# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2617 20/06/2013 - ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) | |
| (എ) | രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ (ആർ.എം.എസ്. എ.) പദ്ധതി പ്രകാരം 2012-13 വർഷം സംസ്ഥാനത്തിന് എത്ര കോടി രൂപയാണ് ലഭിച്ചത്; | (എ) | രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം 2012-13 വർഷം സംസ്ഥാനത്ത് കേന്ദ്ര വിഹിതമായി 15.27 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | ലഭിച്ച തുകയിൽ എത്ര ശതമാനം തുകയാണ് ചെലവഴിച്ചത്; ഈ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; | (ബി) | ലഭിച്ച തുകയിൽ റിക്കറിംഗ് വിഭാഗത്തിൽ 44 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. നോൺ റിക്കറിംഗ് വിഭാഗത്തിൽ യാതൊരു തുകയും ചെലവാക്കിയിട്ടില്ല. മൊത്തം ചെലവഴിച്ചത് 27 ശതമാനം തുക. ഈ പദ്ധതിയിൽ 2012-13 വർഷത്തിൽ താഴെ ചേർത്തിരി ക്കുന്ന പ്രവർത്തനങ്ങൾ നടത്താ നാണ് അനുമതി ലഭിച്ചിരിക്കു ന്നത്.<br>• ആർ.എം.എസ്.എ. അപ് ഗ്രേഡ് ചെയ്ത സ്കൂളുക ളിലെ അദ്ധ്യാപക, അന ദ്ധ്യാപക ജീവനക്കാർക്കു വേതനം നല്കൽ<br>• സ്കൂൾ ഗ്രാന്റ്, മൈനർ റിപ്പയർ ഗ്രാന്റ് നല്കൽ<br>• അദ്ധ്യാപക പരിശീലനം |

- വിദ്യാഭ്യാസ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ-വിനോദയാത്ര, സയൻസ് എക്സി ബിഷൻ, ബുക്ക് ഫെയർ, ക്രാഫ്റ്റ്മേള, സയൻസ് കിറ്റ്, സ്പോർട്ട്സ് ഉപകര ണങ്ങൾ തുടങ്ങിയവ
- ഗൈഡൻസ് ആന്റ് കൗൺ സിലിംഗ്
- മാനേജ്മെന്റ് മോണിറ്റ റിംഗ്, ഇവാലുവേഷൻ ആൻഡ് റിസർച്ച്

(സി) **കാര്യക്ഷമമായ രീതിയിൽ ആർ. എം.എസ്.എ. പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചി ട്ടുള്ളത്?**

(സി) കാര്യക്ഷമമായ രീതിയിൽ ആർ.എം.എസ്.എ. പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനതല ആഫീസിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ പ ദ്ധതി നടത്തിപ്പിനു മേൽനോട്ടം വഹിക്കുന്നത് വിദ്യാഭ്യാസ ഉപ ഡയറക്ടറാണ്. കൂടാതെ ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേ ണ്ടതാണ്.

- എല്ലാ പാർലമെന്റ് മെമ്പർ മാരും, നിയമസഭാ മെമ്പർ മാരും, ജില്ലാ പഞ്ചായത്ത് മെമ്പർമാരും
- ജില്ലാ മജിസ്ട്രേറ്റ്/ കളക്ടർ/ഡെപ്യൂട്ടി കമ്മീ ഷണർ/ചീഫ് എക്സി ക്യൂട്ടീവ്

ഓഫീസർ, ജില്ലാ പ
ഞ്ചായത്ത്/ലോക്കൽ ബോഡി

- വിദ്യാഭ്യാസ ഉപഡയറ
ക്ടർ-മെമ്പർ സെക്രട്ടറി
- ജില്ലാ ഓഫീസർമാർ -
ഡ്രിക്കിംഗ് വാട്ടർ മിഷൻ/
ടോട്ടൽ സാനിറ്റേഷൻ
പ്രോഗ്രാം/ഹാൻഡി ക്കാപ്ഡ്
വെൽഫെയർ/ സോഷ്യൽ
വെൽഫെയർ/ മൈനോറിറ്റി
വെൽഫെയർ
- ജില്ലാ മജിസ്ട്രേറ്റ്/ കള
ക്ടർ/ഡെപ്യൂട്ടി കമ്മീഷ
ണർ/ചീഫ് എക്സി ക്യൂട്ടീവ്
ഓഫീസർ, ജില്ലാ പഞ്ചായത്ത്
നോമിനേറ്റ് ചെയ്ത രണ്ട്
എൻ.ജി.ഒ. മാർ

സ്കൂൾ തലത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി എസ്.എം.ഡി. സി. രൂപീകരിച്ചിട്ടുണ്ട്. ആർ.എം. എസ്.എ. പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കാനായി സംസ്ഥാനതലത്തിൽ പൊതു വിദ്യാഭ്യാസ സെക്രട്ടറി പ്രസിഡന്റും ഡി.പി.ഐ. വൈസ് പ്രസിഡന്റുമായ ഗവേണിംഗ് ബോഡിയും പ്രവർത്തിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ